# കേരള സർവകലാശാല

നം. പി.ആർ.246/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ പരീക്ഷാ ഫലം (എഫ്.ഡി.പി - സി.ബി.സി.എസ്- സപ്ലിമെന്ററി - 2011, 2012 അഡ്മിഷൻ, മേഴ്സി ചാൻസ് - 2010 അഡ്മിഷൻ) പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി നവംബർ 30 വരെ അപേക്ഷിക്കാം.

## ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ്: കോഴ്സിന് അപേക്ഷിക്കാം

കേരള സർവകലാശാലയിലെ 'സെന്റർ ഫോർ ട്രാൻസിലേഷൻ ആന്റ് ട്രാൻസ് ലേഷൻ സ്റ്റഡീസ്'നടത്തുന്ന ഒരുവർഷ 'ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ്' കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാഫീസായ 200 രൂപ (ഇരുന്നൂറ് രൂപ) യൂണിവേഴ്സിറ്റി ചെലാൻ അല്ലെങ്കിൽ എസ്.ബി.റ്റി/എസ്.ബി.ഐ-ഡിഡി ആയി ഫിനാൻസ് ഓഫീസർ, യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ പേരിൽ അടച്ച്, പൂരിപ്പിച്ച അപേക്ഷാഫോറത്തിനോടൊപ്പം Hon. Director, Centre for Translation & Translation Studies, ARTS Block II, University of Kerala, Kariavattom P.O., Thiruvananthapuram - 81 എന്ന വിലാസത്തിൽ 2017 നവംബർ 30-ാം തീയതിക്കകം കിട്ടത്തക്കവിധം ഒറിജിനൽ ചെലാൻ/ഡി.ഡി. സഹിതം അയയ്ക്കണം. ബാങ്ക് ഡി.ഡി. എടുക്കുന്നവർ 10 രൂപ കൂടി അധികം (210 രൂപ) അടയ്ക്കേണ്ടതാണ്. കോഴ്സിലേക്കുള്ള പ്രവേശനം, അതിനായി നടത്തുന്ന പ്രവേശനപരീക്ഷയുടെയും യോഗ്യതാപരീക്ഷയുടെയും മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുന്നതാണ്. ഹിന്ദി ഐച്ഛികമായോ രണ്ടാം ഭാഷയായോ (ബിരുദതലത്തിൽ) പഠിച്ചിട്ടുള്ളതും, അല്ലെങ്കിൽ ഹിന്ദി മാതൃഭാഷയായിട്ടുള്ളതും, അതല്ലെങ്കിൽ 10+2 തലത്തിലോ മുകളിലോ ഹിന്ദിമാധ്യമത്തിൽ പഠിച്ചിട്ടുള്ളതും, അതല്ലെങ്കിൽ ഹിന്ദി പ്രചാരസഭപോലുള്ള അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സർട്ടിഫിക്കറ്റ്/ഡിപ്ലോമ കരസ്ഥമാക്കിയിട്ടുള്ളതുമായ എല്ലാ ബിരുദധാരികൾക്കും അപേക്ഷിക്കാം. അടിസ്ഥാനയോഗ്യത ഐച്ഛികവിഷയത്തിന് 50% മാർക്കോടുകൂടി ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ്. കൂടുതൽ വിവരങ്ങൾക്ക് Hon. Director, CTTS (Mob: 9207639544) നെ ബന്ധപ്പെടുക.

## ബി.ടെക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക് 2013-സ്കീം പാർട്ട് -ടൈം റീസ്ട്രക്ച്ചേർഡ് റഗുലർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 14 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 21 (50 രൂപ പിഴയോടെ നവംബർ 23, 125 രൂപ പിഴയോടെ നവംബർ 27) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം, പാർട്ട് ടൈം-2013 സ്കീം - സപ്ലിമെന്ററി) ഫോർത്ത് സെമസ്റ്റർ എം.ടെക്

(പാർട്ട് ടൈം-2013 സ്കീം സപ്ലിമെന്ററി സെക്കന്റ് സെമസ്റ്റർ എം.ആർക്ക്/എം. പ്ലാൻ (2013 സ്കീം - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് പിഴ കൂടാതെ നവം ബർ 22 (50 രൂപ പിഴയോടെ നവംബർ 24, 125 രൂപ പിഴയോടെ നവംബർ 27) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കേരള സർവകലാശാല സിൻഡിക്കേറ്റ് റൂമിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം സ്ഥാപിക്കുന്നതിലേക്കായി പ്രശസ്തരായ ചിത്രകാരന്മാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

*( എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## റിസർച്ച് അസോസിയേറ്റ് വോക് – ഇൻ ഇന്റർവ്യൂ

കേരള സർവകലാശാല ജിയോളജി പഠനവകുപ്പിലെ ഐ.എസ്.ആർ.ഒ പ്രോജക്ടിൽ റിസർച്ച് അസോസിയേറ്റ് ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിനായുള്ള വോക് - ഇൻ ഇന്റർവ്യൂ നവംബർ 27 രാവിലെ 11 മണിക്ക് കാര്യവട്ടം ജിയോളജി പഠനവകുപ്പിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## സീറ്റുകൾ ഒഴിവുണ്ട്

കേരള സർവകലാശാല നിയമ വകുപ്പ് പൂർണ്ണമായും സൗജന്യമായി നടത്തുന്ന ‘മനുഷ്യാവകാശങ്ങളും കടമകളും’ എന്ന സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്ലസ്ടു അഥവാ തത്തുല്യമാണ് യോഗ്യത. താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പത്താം ക്ലാസ്സ്, പ്ലസ്ടു തിരിച്ചറിയൽ കാർഡ് എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം നവംബർ 15 ന് രാവിലെ 10 മണിക്ക് നിയമ വകുപ്പിന്റെ ഓഫീസിൽ എത്തണം.

തിരുവനന്തപുരം.
13.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098